ഉത്തരം

(എ) 3 കാറുകൾ വാങ്ങിയിട്ടുണ്ട്.

(ബി) രണ്ട് ഫോർഡ് ഐക്കൺ കാറുകളും ഒരു അംബാസിഡർ കാറും വാങ്ങിയിട്ടുണ്ട്. ഫോർഡ് ഐക്കൺ കാറുകൾ യഥാക്രമം കെ.എസ്.എഫ്.ഇ. ചെയർമാനും, മാനേജിംഗ് ഡയറക്ടർക്കുവേണ്ടിയും അംബാസിഡർ കാർ കമ്പനിയുടെ വിവിധ ഓഫീസുകളിലെ ആവശ്യത്തിനായി തിരുവനന്തപുരത്തും ഉപയോഗിക്കുന്നു.

(സി) ഫോർഡ് ഐക്കൺ കാറുകൾക്ക് 14,04,000 രൂപയും അംബാസിഡർ കാറിന് 4,24,500 രൂപയും വേണ്ടി വരുന്നു.

(ഡി) ധനകാര്യ(പി.യു.സി.)വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 23-4-2003 ജി.ഒ. (ആർ.റ്റി.) നമ്പർ 279/2003/നി.വ. പ്രകാരം 2 ഫോർഡ് ഐക്കൺ കാറുകൾ വാങ്ങുകയും, ഒരു ലക്ഷത്തിൽപ്പരം കി.മീ. സഞ്ചരിച്ച, 5 വർഷം പൂർത്തിയായ കാറുകൾ ഒഴിവാക്കാമെന്ന വ്യവസ്ഥയിൽ മൂന്നാമത്തെ അംബാസിയർ കാർ വാങ്ങുകയും ചെയ്തു.

(ഇ) കെ.എസ്.എഫ്.ഇ. യിലെ നിലവിലുള്ളകാറുകൾ 5 വർഷം പൂർത്തിയാക്കുകയും ഒരു ലക്ഷത്തിൽപ്പരം കി.മീ. സഞ്ചരിച്ചവയുമായതുകൊണ്ട് അറ്റകുറ്റപ്പണിയ്ക്ക് ചെലവു കൂടും. അതുകൊണ്ട് പുതിയ കാറുകൾ വാങ്ങുന്നതിന് തീരുമാനിച്ചു.

പിടിച്ചെടുക്കപ്പെട്ട സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്താൻ നടപടി

27 (2475) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-2002 മുതൽ 31-5-2003 വരെ ആയിരം ലിറ്ററിലധികം സ്പിരിറ്റ് എവിടെ നിന്നെല്ലാം പിടിച്ചെടുത്തു ;

(ബി) ഈ സ്പിരിറ്റ് കൊണ്ടുവന്നവരെ പിടിക്കാൻ കഴിഞ്ഞുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഈ സ്പിരിറ്റ് കൊണ്ടുവന്ന ലോറികളുടെ ഉടമകളും ഉറവിടവും എവിടെയെന്ന് അന്വേഷിച്ച് കണ്ടുപിടിച്ചുവോ ;

(ഡി) സ്പിരിറ്റ് പിടിക്കുമ്പോൾ അത് കൊണ്ടുവന്ന ലോറിയുടെ ഡ്രൈവറും ക്ലീനറും ഓടി രക്ഷപെടുന്ന പക്ഷം അവരെ പിടിക്കുന്നതിനോ സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്തുന്നതിനോ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1-4-2002 മുതൽ 31-5-2003 വരെ ആയിരം ലിറ്ററിലധികം സ്പിരിറ്റ് പിടിച്ച സ്ഥലങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. തിരുവല്ല, നെല്ലിമല ഭാഗം, പത്തനംതിട്ട
2. ചടയമംഗലം നേബിൽ വള്ളിക്കാട്, കൊല്ലം.
3. ആര്യങ്കാവ് ചെക്ക് പോസ്റ്റ്, കൊല്ലം.
4. സെന്റ് സേവ്യേഴ്സ് കോളേജിന് സമീപം, തിരുവനന്തപുരം
5. അങ്കമാലി, എറണാകുളം
6. കളമശ്ശേരി, എറണാകുളം
7. ചിന്നാർ, ഇടുക്കി.
8. വാളയാർ, പാലക്കാട്
9. മീനാക്ഷിപുരം, പാലക്കാട്
10. തത്തിക്കോട്ട്, പാലക്കാട്
11. ചിറ്റൂർ, പാലക്കാട്
12. മുള്ളിമടപേട്ടതാവ്, പാലക്കാട്
13. പുതുശ്ശേരി, പാലക്കാട്
14. മുത്തങ്ങ എക്സൈസ് ചെക്പോസ്റ്റ് വയനാട്
15. മഞ്ചേശ്വരം എക്സൈസ് ചെക്പോസ്റ്റ്, കാസർകോട്
16. കൂട്ടുപുഴ എക്സൈസ് ചെക്പോസ്റ്റ്, കണ്ണൂർ
17. കണ്ണൂർ സെൻട്രൽ ജയിൽ പരിസരം കണ്ണൂർ
18. ബാവലി എക്സൈസ് ചെക്ക് പോസ്റ്റ്.
19. ആതുർ

(ബി) മേൽപറഞ്ഞ സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് 12 പ്രതികളെ അറസ്റ്റ് ചെയ്യുകയും ഒരു പ്രതി കോടതിയിൽ കീഴടങ്ങുകയും ചെയ്തിട്ടുണ്ട്. ചിലർ വാഹനം ഉപേക്ഷിച്ച് കടന്നു കളയുന്നതുകൊണ്ട് ചിലപ്പോൾ പിടിക്കാൻ കഴിയാറില്ല.

(സി) വ്യാജരജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ചിട്ടില്ലാത്ത വാഹനങ്ങളുടെ ഉടമകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവയിൽ അന്വേഷണം നടത്തിവരുന്നു.

(ഡി) ക്ലീനറും ഡ്രൈവറും ഓടി രക്ഷപ്പെടുന്നപക്ഷം കേസ്സുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ, എൻജിൻ നമ്പർ, ചേസിസ് നമ്പർ എന്നിവ പരിശോധിച്ച് ബന്ധപ്പെട്ട ആർ.ടി.ഒ. മാരോട് രേഖാമൂലം ആവശ്യപ്പെട്ട് വാഹന ഉടമകളുടെ മേൽവിലാസം ശേഖരിക്കുകയും തുടർന്നുള്ള അന്വേഷണത്തിൽ യഥാർത്ഥ പ്രതികളെ കണ്ടെത്തി നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly